## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 215 — 04.06.2018-ൽ മറുപടിക്ക്

### സ്കൂൾ വളപ്പുകളിൽ ആർ.എസ്.എസ്. ശാഖാ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. ഹരീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വിദ്യാലയ വളപ്പുകൾ കേന്ദ്രീകരിച്ച് ആർ.എസ്.എസ്. സംഘടിപ്പിച്ച വരുന്ന ശാഖാ പ്രവർത്തനങ്ങളും കായിക പരിശീലനവും നിയമാനുസൃതമാണോ; | (എ) സ്കൂൾ വക കെട്ടിടങ്ങളും വസ്തുക്കളും വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്കല്ലാതെ, മറ്റൊന്നിനും ഉപയോഗിക്കുവാൻ പാടില്ല എന്ന നിർദ്ദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിപരീതമായി സ്കൂളുകളുടെയും ക്യാമ്പസുകളുടെയും മറ്റെല്ലാ ഉപയോഗങ്ങളും ചട്ടങ്ങളുടെ ലംഘനമാണ്. |
| (ബി) നിയമാനുസൃതമല്ലെങ്കിൽ ഇത് അനുവദിക്കുന്ന വിദ്യാലയങ്ങളുടെ അധികാരികൾക്കെതിരെ പോലീസ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഇത്തരം സംഭവങ്ങൾ പോലീസ് നിരീക്ഷിച്ച വരുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പിനോട് സ്കൂൾ അധികൃതർക്കെതിരെ നടപടിയെടുക്കാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) തിരുവനന്തപുരം ഊരൂട്ടമ്പലം സരസ്വതി എച്ച്.എസ്. വിദ്യാലയം കേന്ദ്രീകരിച്ച് ആർ.എസ്.എസ്. നടത്തുന്ന ശാഖാ പ്രവർത്തനം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) തിരുവനന്തപുരം ഊരൂട്ടമ്പലം സരസ്വതി എച്ച്.എസ് വിദ്യാലയം കേന്ദ്രീകരിച്ച് ആർ.എസ്.എസ് ശാഖാ പ്രവർത്തനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(ഡി) വിദ്യാലയങ്ങളും ക്ഷേത്രങ്ങളും കേന്ദ്രീകരിച്ച് നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ?

(ഡി) സ്കൂൾ വക കെട്ടിടങ്ങളും വസ്തുക്കളും വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്ക് അല്ലാതെ മറ്റൊന്നിനും വിട്ടു നൽകരുതെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ടവർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ വിദ്യാലയങ്ങളും ക്ഷേത്രങ്ങളും കേന്ദ്രീകരിച്ച് നടത്തുന്ന ആർ.എസ്.എസ് -ന്റെ പ്രവർത്തനങ്ങൾ പോലീസും നിരീക്ഷിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ